വർദ്ധിച്ച സുതാര്യതയിലൂടെയും ഒരു മിതകാല പദ്ധതിയിലൂടെ സാമ്പത്തിക നയം നടപ്പാക്കിക്കൊണ്ട് സാമ്പത്തിക സുസ്ഥിരത നേടിയെടുക്കുന്നതിനുള്ള വ്യവസ്ഥകളാണ് കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ദീർഘകാലം ഈ വ്യവസ്ഥകൾ കൈവരിക്കാതിരിക്കുന്നത് സാമ്പത്തിക അസ്ഥിരതയ്ക്ക് കാരണമാകും.

എം.എൽ.എ.മാരുടെ ആസ്തിവികസന പദ്ധതി

124 (6575) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ. മാരുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു എം.എൽ.എ.-ക്ക് ഒരു വർഷം എത്ര പ്രവൃത്തികളാണ് അനുവദിക്കുന്നതെന്നും ഒരു പ്രവൃത്തിക്കുള്ള ഏറ്റവുംകുറഞ്ഞ തുക എത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെകീഴിലുള്ള എഞ്ചിനീയറിംഗ് വിങ്വഴി സമർപ്പിക്കണമെന്ന സർക്കുലറിന്റെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) എം.എൽ.എ. മാരുടെ ആസ്തിവികസന പദ്ധതിക്ക്കീഴിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഒരു സാമ്പത്തികവർഷം 5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുതപദ്ധതിയിലുൾപ്പെടുത്തി 6-4-2013-ലെ സ.ഉ.(പി) നമ്പർ 157/2013/ധന. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു വർഷം പരമാവധി 15 പ്രവൃത്തികൾവരെ ഏറ്റെടുത്ത് നടപ്പാക്കാം. ഇതുപ്രകാരം ഒരു പ്രവൃത്തിക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ തുക 25 ലക്ഷം രൂപയാണ്.

(ബി) 3-6-2014-ലെ സർക്കുലർ നമ്പർ 54/2014/ധനയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തികളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്തന്നെ ഏറ്റെടുത്ത് നടപ്പാക്കണം. എന്നാൽ ഇത്തരം പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിനെയോ മറ്റ് സർക്കാർ അംഗീകൃത ഏജൻസികളെയോ ഏൽപ്പിക്കുന്നപക്ഷം അത് ബന്ധപ്പെട്ട പഞ്ചായത്തിന്റെയോ/തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ കമ്മിറ്റി തീരുമാനത്തിന്റെ അംഗീകാരത്തോടെ ഡെപ്പോസിറ്റ് വർക്കായി നടത്തണമെന്നും പ്രസ്തുത സർക്കുലർ നിഷ്കർഷിക്കുന്നുണ്ട്. മേൽപ്പറഞ്ഞ സർക്കുലർ അറിവിലേയ്ക്കായി അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly